**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4318** **28-10-2021 - ൽ മറുപടിയ്ക്ക്**

**കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. K. Krishnankutty (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ കൽക്കരി ക്ഷാമം മൂലം സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | കൽക്കരി ക്ഷാമം മൂലം സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പടുത്തേണ്ട സാഹചര്യം നിലവിൽ ഇല്ല. കൽക്കരി ക്ഷാമം മൂലം കേന്ദ്രപൂളിൽ നിന്നും ദീർഘ കാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യ മാകുന്ന വൈദ്യുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഈ കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെയാണ് ബാധിക്കുന്നത്. സംസ്ഥാ നത്ത് മഴ ശക്തമായ അവസരങ്ങളിൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. കൽക്കരി ക്ഷാമം തുടരുകയും ടി ക്ഷാമം മൂലം പുറത്ത് നിന്നും സംസ്ഥാനത്ത് ലഭിക്കേണ്ട വൈദ്യുതിയിൽ ഉണ്ടാകുന്ന കുറവ് ഗണ്യമായി കൂടുകയും ചെയ്യുന്ന പക്ഷം ഉപഭോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടു ത്തേണ്ടി വന്നേക്കാം. വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാ ലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്ത ലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാന ങ്ങളോട് കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ unallocated share ആയ 15% ൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ ആവശ്യ പ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതി നായി വൈകുന്നേരം 6 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്ര പൂളിൽ നിന്നും |

| | | | |
|---|---|---|---|
| | | | (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട് |
| (ബി) | ഉണ്ടെങ്കിൽ ആയത് നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കൽക്കരി ക്ഷാമം മൂലം സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പടുത്തേണ്ട സാഹചര്യം നിലവിൽ ഇല്ല. കൽക്കരി ക്ഷാമം മൂലം കേന്ദ്രപൂളിൽ നിന്നും ദീർഘ കാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യ മാകുന്ന വൈദ്യുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഈ കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെയാണ് ബാധിക്കുന്നത്. സംസ്ഥാ നത്ത് മഴ ശക്തമായ അവസരങ്ങളിൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. കൽക്കരി ക്ഷാമം തുടരുകയും ടി ക്ഷാമം മൂലം പുറത്ത് നിന്നും സംസ്ഥാനത്ത് ലഭിക്കേണ്ട വൈദ്യുതിയിൽ ഉണ്ടാകുന്ന കുറവ് ഗണ്യമായി കൂടുകയും ചെയ്യുന്ന പക്ഷം ഉപഭോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടു ത്തേണ്ടി വന്നേക്കാം. വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാ ലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യശ്രവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്ത ലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാന ങ്ങളോട് കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ unallocated share ആയ 15% ൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ ആവശ്യ പ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതി നായി വൈകുന്നേരം 6 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്ര പൂളിൽ നിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ